Day 84 of 90 days ✝✝✝ 17th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

തിരുനാമം നിമിത്തം എന്റെ ഇടയൻ എന്നെ നീതിപാതകളിൽ നടത്തുന്നു എന്നത് നിശ്ചയമായും ഏററവും അർത്ഥവത്തായ ഒന്നാണ്. തളർന്നു വീണു കിടക്കുന്നതിനെ എഴുന്നേൽപ്പിച്ചു നിർത്തുന്ന അനുഭവമാണ് ആദ്യ അനുഭവമെങ്കിൽ, രണ്ടാമത് അവിടെ നിന്ന് മുന്നോട്ടു നയിക്കുന്ന / നടത്തുന്ന അനുഭവമാണ്. നമ്മുടെ ഇടയനായ കർത്താവായ യേശുക്രിസ്തു നമ്മെ പാപത്തിന്റെ കുഴഞ്ഞചേററിൽ നിന്നും നാശകരമായ കുഴിയിൽ നിന്നും സാത്താന്റെ പരിശോധനകളാകുന്ന ചതുപ്പു നിലങ്ങളിൽ നിന്നും ഉയർത്തി നേരെ നിർത്തിയിരിക്കുന്നത് നാം അവിടെത്തന്നെ നിന്ന് ഒടുവിൽ അവിടെത്തന്നെ വീണ്ടും വീഴുവാനല്ല. പ്രത്യുത അവൻ നമുക്കായി ഒരുക്കിയിരിക്കുന്ന നീതിപാതകളിലൂടെ മുമ്പോട്ടു പോകുവാനാണ്. അനേകരും ഒരേ സ്ഥാനത്തു തന്നെ, അഥവാ പഴയ സ്ഥാനത്തു തന്നെ എന്നും നിൽക്കുന്ന കാഴ്ച പരമ ദയനീയമാണ്. അല്പമെങ്കിലും മുന്നോട്ടു നീങ്ങുവാൻ അവർ ആഗ്രഹിക്കുന്നില്ല. എന്നാൽ ഒരേ സ്ഥാനത്തു തന്നെ അധികം നിൽക്കുവാൻ ക്രിസ്തീയജീവിതത്തിൽ സാദ്ധ്യമല്ല എന്ന വസ്തുത അവർ മനസ്സിലാകുന്നില്ല എന്നു തോന്നിപ്പോകുന്നു. ക്രിസ്തീയ ജീവിതം ഒരു സൈക്കിൾ യാത്രയോടാണ് ഭക്തന്മാർ പലപ്പോഴും ഉപമിക്കാറുള്ളത്. സൈക്കിൾ യാത്ര നല്ലതാണ്. പ്രയോജനപ്രദമാണ്. പക്ഷെ, സൈക്കിളിൽ കയറിയാൽ മുന്നോട്ടു പോകുക അത്യാവശ്യമാണ്. ഒന്നുകിൽ മുന്നോട്ടു പോകുക, അല്ലെങ്കിൽ അതേ സ്ഥാനത്തു നിലംപതിക്കുക. ഇതല്ലാതെ മൂന്നാമതൊരു മാർഗ്ഗം അവിടെയില്ല. ക്രിസ്തീയജീവിതം ആരംഭിച്ചാൽ ഒന്നുകിൽ മുന്നോട്ടുപോകുക. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ പഴയസ്ഥാനത്ത് വീണ്ടും വീണു കിടക്കുക. ഇതല്ലാതെ മററു യാതൊരു മാർഗ്ഗവുമില്ല. നല്ല നിലയിൽ ക്രിസ്തീയ ജീവിതം ആരംഭിച്ചവർ ദൈവവചനാനുസരണം മുന്നോട്ടുപോകുവാൻ മനസ്സോ താല്പര്യമോ ഇല്ലാതെ നിലകൊണ്ടതിന്റെ ഫലമായി ദയനീയമായ വിധം നിലംപരിചായി കിടക്കുന്ന അവസ്ഥ ഇന്നു ധാരാളമായി കാണുവാൻ കഴിയുന്നതാണ്. ആത്മാവിനെ പുനഃസ്ഥാപിക്കുന്ന ഇടയൻ അടുത്ത നിമിഷത്തിൽ അതിനെ നയിക്കുകയും ചെയ്യുന്നു എന്നത് എത്രയോ അർത്ഥവത്താണ്. ആടുകളെ പുതിയ പുതിയ പുൽമേടുകളിലേക്ക് നയിക്കേണ്ടത് ആടുകളുടെ സുരക്ഷിതത്വത്തിനും നിലനിൽപ്പിനും ആവശ്യമാകുന്നുവെന്ന് സമ്മതിക്കുകയും അതിന് ശ്രമിക്കുകയും ചെയ്യുന്നവർ പോലും ആത്മീയ അനുഭവത്തിലേക്ക് വരുമ്പോൾ അതിന് തുനിയുന്നില്ല എന്ന് മാത്രമല്ല. അതിന് വിരുദ്ധമായ നിലയിൽ ജീവിക്കുകയും പലപ്പോഴും ഉപദേശിക്കുകയും ചെയ്യുന്നത് വിചിത്രമായി തോന്നുന്നു. നമ്മെ തന്റെ രക്തം കൊടുത്തു വിലയ്ക്കു വാങ്ങി വീണ്ടെടുത്തവനായ നമ്മുടെ നല്ല ഇടയൻ നമ്മെ ഒരേ പുൽപുറത്തു തന്നെ എന്നും ഇട്ടിരിക്കുവാൻ താൽപര്യപ്പെടുന്നവനല്ല.

തുടരും...